# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4586** **04.02.2014 ൽ മറുപടിക്ക്**

## മാവേലി സ്റ്റോറുകളിലെ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) ഭക്ഷ്യ വസ്തുക്കൾക്ക് നിയമം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചാണ് സപ്ലൈകോ പലവ്യഞ്ജനങ്ങൾ വാങ്ങുന്നത്. കർശനമായ ഗുണനിലവാര പരിശോധനയ്ക്കു ശേഷമാണ് ഭക്ഷ്യ വസ്തുക്കൾ വിപണനം ചെയ്യുന്നത്. സപ്ലൈകോയുടെ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്ത് വരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമം നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിലാണെന്ന് ഉറപ്പു വരുത്തുന്നതിനായി ശക്തമായ സംവിധാനങ്ങൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>സപ്ലൈകോ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പലവ്യഞ്ജനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക ഗുണമേന്മ പരിശോധന വിഭാഗം നിലവിലുണ്ട്. ഹെഡ് ആഫീസ് തലത്തിൽ ക്വാളിറ്റി അഷ്വറൻസ് മാനേജരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലുമുള്ള ജൂനിയർ മാനേജർ, അസിസ്റ്റന്റ് മാനേജർ, (ക്യൂ.എ.) അടങ്ങുന്ന വിദഗ്ധർ സാധനങ്ങളുടെ ഗുണനിലവാരം വാങ്ങുമ്പോഴും സൂക്ഷിക്കുമ്പോഴും വിൽപ്പന നടത്തുമ്പോഴും പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്ന സംവിധാനം നിലവിലുണ്ട്.<br><br>ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ കർശനമായി പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. |

ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഓരോ ഡിപ്പോയിലും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ചു വരുന്നത്. ഭക്ഷ്യ വസ്തുക്കൾ ഇത്തരത്തിൽ പരിശോധിച്ച് ഡിപ്പോയിൽ കൈപ്പറ്റിയ ശേഷം പിന്നീട് ഗുണമേന്മക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും മാറ്റി വാങ്ങുവാനുള്ള സംവിധാനവും നിലവിലുണ്ട്.

കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. കൂടാതെ ഹെഡ് ആഫീസിൽ നിന്ന് നേരിട്ട് ഓരോ ഡിപ്പോയിലെയും ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ റാൻഡമായി പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും എല്ലാ മാസവും വിവിധ ഡിപ്പോകളിൽ നിന്നും വിൽപ്പനശാലകളിൽ നിന്നും സാമ്പിളുകൾ എടുത്ത് ഗുണനിലവാര പരിശോധനകൾ നടത്തി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേന്മയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിലുണ്ട്. പായ്ക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നിവയിലുള്ള ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡം സാമ്പിളുകൾ റീജിയണൽ അനലറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും നൽകി പരിശോധന നടത്താറുണ്ട്. കൂടാതെ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജി/കെമിക്കൽ ലാബുകളിൽ എല്ലാ ഭക്ഷ്യവസ്തുക്കളും ഓരോ മാസവും റാൻഡമായി സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെയും പൊതുവിപണിയിൽ വിതരണം നട | (ബി) | മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെയും പൊതുവിപണിയിൽ വിതരണം നടത്തുന്ന സാധനങ്ങളുടെയും വിലനിലവാരം സംബന്ധിച്ച വിശദാംശം താഴെകൊടുക്കുന്നു. |

ത്തുന്ന സാധനങ്ങ ളുടെയും വില നിലവാരം സംബന്ധിച്ച വിശ ദാംശം നൽകുമോ;

| ക്രമ നം. | ഇനം | പുതുക്കിയ സബ്സിഡി വില | പൊതു വിപണി വില (28.01.2014 ലെ കണക്കു പ്രകാരം) |
|---|---|---|---|
| 1 | ചെറുപയർ | 55.00 | 89.71 |
| 2 | ഉഴുന്ന്(ഹോൾ) | 42.00 | 72.50 |
| 3 | വൻകടല | 45.00 | 58.92 |
| 4 | വൻപയർ | 35.00 | 56.93 |
| 5 | തുവരപ്പരിപ്പ് | 45.00 | 77.00 |
| 6 | മുളക് | 55.00 | 97.07 |
| 7 | മല്ലി | 60.00 | 94.86 |
| 8 | പഞ്ചസാര | 26.00 | 31.79 |
| 9 | പച്ചരി | 21.00 | 28.60 |
| 10 | മട്ട അരി | 21.00 | 33.00 |
| 11 | കുറുവ അരി | 21.00 | 31.75 |
| 12 | ജയ അരി | 21.00 | 33.88 |
| 13 | വെളിച്ചെണ്ണ | 62.00 | 130.08 |

(സി) മാവേലി സ്റ്റോറി ലൂടെ വിതരണം നടത്തുന്ന മുഴുവൻ സാധനങ്ങൾക്കും സബ്സിഡി നൽകുമോ; ഇതി നായി നിലവിൽ എന്തെല്ലാം നടപടി കളാണ് സ്വീകരി ച്ചിട്ടുള്ളത്; വിശ ദാംശം നൽകുമോ?

(സി) മുഴുവൻ സാധനങ്ങളും സബ്സിഡി നിരക്കിൽ നൽകുന്നതിന് പകരം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിക്കൊണ്ട് പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുക എന്ന കടമ നിർവ്വഹിക്കുയാണ് നിലവിൽ മാവേലി സ്റ്റോറുകൾ മുഖാന്തിരം നിർവ്വഹിക്കപ്പെടുന്നത്.

നിലവിൽ 13 ഇന അവശ്യസാധനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് പുറമെ ഇ - ടെണ്ടർ വഴി വാങ്ങിക്കുന്ന മറ്റ് അവശ്യ വസ്തുക്കളായ പിരിയൻ മുളക്, ഗ്രീൻപീസ്, കടുക്, ഉലുവ, ജീരകം, ഉഴുന്ന് പൊളി, പീസ്പരിപ്പ് മുതലായവ വാങ്ങൽ വിലയുടെയും അതിന് വരുന്ന ചെലവുകൾ കണക്കിലെടുത്തും പൊതുവിപണി വിലയേക്കാൾ 10 % മുതൽ 30 % വരെ വിലക്കുറവിൽ വിതരണം ചെയ്യുന്നു.

ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG ഉൽപ്പന്നങ്ങൾ MRP യേക്കാളും ശരാശരി 10% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRPയിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കുത്തക കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

പൊതുവിപണിയിലേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി ബ്രാന്റിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

Beena

**സെക്ഷൻ ഓഫീസർ**